പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 93

20.01.2014 ൽ മറുപടിക്ക്

ഇന്ധനവിതരണ സ്ഥാപനങ്ങളുടെ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. പി.കെ. ബഷീർ:<br>ശ്രീ. പി.ബി. അബ്ദുൾ റസാക്:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിനകത്ത് പ്രവർത്തിച്ചു വരുന്ന ഇന്ധനവിതരണ, വില്പന ശാലകളുടെ പ്രവർത്തനത്തിലെ ക്രമക്കേടുകൾ പരിശോധിക്കാൻ അധികാരമുണ്ടോ ; | (എ) കേന്ദ്രസർക്കാർ ഓർഡറായ എൽ.പി.ജി (റെഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000 ന്റെ അടിസ്ഥാനത്തിൽ 18/01/2003 ലെ ജി.ഒ.(പി)നം. 2/2003/എഫ്സിഎസ്&സിഎഡി നമ്പർ പ്രകാരം കേരള സർക്കാർ പുറപ്പെടുവിച്ച എസ്.ആർ.ഒ.നം.47/2003 നോട്ടിഫിക്കേഷൻ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥർക്ക് പെട്രോളിയം ഉല്പന്നങ്ങൾ കൊണ്ടു പോകുന്ന വണ്ടികൾ, കണ്ടെയ്നറുകൾ, ഇവ സൂക്ഷിച്ചിരിക്കുന്ന ഔട്ട് ലെറ്റുകൾ എന്നിവ പരിശോധിക്കുന്നതിനും, അനധികൃതമായി ഇവ കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയാൽ പിടിച്ചെടുക്കുന്നതിനും അധികാരം നല്കുന്നുണ്ട്. അളവു തൂക്കനിയമലംഘനം ശ്രദ്ധയിൽ പെട്ടാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിനും അധികാരമുണ്ട്. കൂടാതെ ഓയിൽ മാർക്കറ്റിംഗ് കമ്പനികളുടെ ഉദ്യോഗസ്ഥർ പീരിയോഡിക് പരിശോധനകൾ നടത്തുന്നുണ്ട്; |

| | | | |
|---|---|---|---|
| (ബി) | കേരള പെട്രോളിയം പ്രോഡക്ട്സ് ലൈസൻസിംഗ് ഓർഡറിന് സാധുതയില്ലെന്ന ബഹു. ഹൈക്കോടതിയുടെ വിധിന്യായം മൂലം ഗവൺമെന്റിന് നഷ്ടമായ നിയന്ത്രണാധികാരം പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) | ഹൈക്കോടതി വിധിക്കെതിരെ സർക്കാർ നല്കിയ അപ്പീൽ കോടതിയുടെ പരിഗണനയിലാണ്. |
| (സി) | വാഹന ഇന്ധന-പാചകവാതക വിതരണ സ്ഥാപനങ്ങൾ നല്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരവും സേവനങ്ങളും സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പരിശോധനാ സംവിധാനവുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടിക്രമം വിശദമാക്കുമോ ? | (സി) | എൽ.പി.ജി. (റെഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000 അനുസരിച്ച് പെട്രോളിയം ഉല്പന്നങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഔട്ട്ലെറ്റുകൾ പരിശോധിക്കുന്നതിനും, ക്രമക്കേടുകൾ കണ്ടെത്തിയാൽ ടി ഔട്ട്ലെറ്റുകൾക്കെതിരെ അച്ചടക്കനടപടിക്ക് എണ്ണക്കമ്പനി അധികാരികളോട് ശുപാർശ ചെയ്യുന്നതിനും ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശ പ്രകാരം എണ്ണക്കമ്പനികൾ രൂപം നല്കിയ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്‌ലൈൻസ് പ്രകാരം വില്പന ശാലകൾവഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മയും, അളവും സേവനങ്ങളും ഉറപ്പുവരുത്തുന്നുണ്ട് എന്നും, ഗൈഡ്‌ലൈൻസ് ഓരോ സമയത്തേയും ആവശ്യകത അനുസരിച്ച് പരിഷ്കരിക്കാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ